Kerala Gazette No. 40 dated 9th October 2018.

**PART I** **Section iii**

# കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-ബി) വകുപ്പ്

## വിജ്ഞാപനം

2018 ജൂലൈ 6

നമ്പർ 22971/ലെഗ്. ബി1/2017/നിയമം. തിരുവനന്തപുരം, 1193 മിഥുനം 22

1940 ആഷാഢം 15.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2018 ജൂലൈ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

**2018-ലെ 26-ാം ആക്റ്റ്**

# 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ്

1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റ് (1950-ലെ XV-ാം ആക്റ്റ്), ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ഉം, 3-ഉം, 7-ഉം വകുപ്പുകൾ 2017 നവംബർ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ഈ ആക്റ്റിലെ ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 10-ാം വകുപ്പിന്റെ ഭേദഗതി.—1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്റ്റിലെ (1950-ലെ XV-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്ന് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾക്കു പകരം "രണ്ട് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 12-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ, 12-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"12. പ്രസിഡന്റിനും അംഗങ്ങൾക്കുമുള്ള ഓണറേറിയം.—ബോർഡിലെ പ്രസിഡന്റിനും അംഗങ്ങൾക്കും പ്രതിമാസം, സർക്കാർ കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന പ്രകാരമുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

4. 13 ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ 13 എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"13ബി. ദേവസ്വം കമ്മീഷണറുടെ നിയമനം.—ബോർഡ്, ദേവസ്വം കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ള ഒരു ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ, അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ അഭാവത്തിൽ, ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, അന്യത്രസേവനത്തിൽ, ദേവസ്വം കമ്മീഷണറായി നിയമിക്കേണ്ടതാണ്.".

5. 29-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ദേവസ്വം വകുപ്പ് ബോർഡിന്റെ മേൽനോട്ടത്തിനും, നിർദ്ദേശങ്ങൾക്കും, നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുന്നതും, ദേവസ്വം കമ്മീഷണറുടെ കീഴിൽ ആയിരിക്കുന്നതുമാണ്.".

6. 70-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 70-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്ന് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾക്കു പകരം "രണ്ട് വർഷക്കാലത്തേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 71-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ബോർഡിലെ പ്രസിഡന്റിനും അംഗങ്ങൾക്കും പ്രതിമാസം, സർക്കാർ കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന പ്രകാരമുള്ള ഓണറേറിയവും സിറ്റിംഗ് ഫീസും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.".

8. 74എ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 74എ വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"74എ. ദേവസ്വം കമ്മീഷണറുടെ നിയമനം.—ബോർഡിന്, ദേവസ്വം കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ള ഒരു ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ അഭാവത്തിൽ, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയോ, അന്യത്രസേവനത്തിൽ, ദേവസ്വം കമ്മീഷണറായി നിയമിക്കാവുന്നതാണ്.".

9. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 28) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

കെ. എ. ശ്രീലത,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.

---